(സി) ഉണ്ട്.

(ഡി) ആരോഗ്യ വകുപ്പിലെ വിവിധ തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ള സ്ത്രീകളെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരിശീലനത്തിന് തെരഞ്ഞെടുക്കാറുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ആരോഗ്യ വകുപ്പ് തെരഞ്ഞെടുത്ത് പഠിച്ചവരുടെ അഭാവത്തിൽ ബോംബെയിലെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവണ്മെന്റ് നടത്തുന്നതോ തതുല്യമായതോ ആയ സാനിട്ടറി ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് (ഡിപ്ലോമ) ഈ തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി.യും സർക്കാരും അംഗീകരിച്ചിട്ടുണ്ട്. ഈയോഗ്യതമാത്രം ഉള്ളവർ നിയമനത്തിനുശേഷം മൾട്ടി പർപ്പസ് വർക്കേഴ്സ് ട്രെയിനിംഗിന് പങ്കെടുക്കണമെന്ന് നിഷ്കർഷിക്കുന്നു.

(ജി)-(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) സർക്കാർ തെരഞ്ഞെടുത്ത് പരിശീലനം നല്കിയതുകൊണ്ടു മാത്രം ആരെയും സ്ഥിരപ്പെടുത്തണമെന്നില്ല. എന്നാൽ ഈ വിഭാഗത്തിലുള്ളവർ സർക്കാർ ആവശ്യപ്പെടുന്നപക്ഷം 2 വർഷത്തെ സേവനം നടത്തണമെന്ന കരാർ ഉള്ളതുകൊണ്ടുമാത്രം ഇവരെ രണ്ടുവർഷം വരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. പിന്നീട് പിരിച്ചുവിടപ്പെടുന്നവർ പി.എസ്.സി. മുഖാന്തിരം നിയമനം നേടാവുന്നതാണ്.

(കെ) ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ സെന്ററുകളിൽ ഇപ്പോൾ ട്രെയിനിംഗ് നടത്തുന്നില്ല.

താല്ക്കാലിക നഴ്സുമാരെ സ്ഥിരപ്പെടുത്താൻ നടപടി

152(894) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ താല്കാലിക സ്റ്റാഫ് നഴ്സുമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി ആതുരശുശ്രൂഷ നടത്തുന്ന ഈ വിഭാഗം ജീവനക്കാർക്ക് നിശ്ചിത ശമ്പളമല്ലാതെ സ്ഥിരജീവനക്കാർക്കുള്ള മറ്റാനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) അഞ്ചുവർഷത്തിലേറെയായി താല്ക്കാലിക ജോലി നോക്കുന്നവർക്ക് ഇപ്പോൾ പഠിച്ചിറങ്ങുന്നവരുമായി മത്സരിച്ച് ടെസ്റ്റിൽ വിജയംവരിക്കാൻ ബുദ്ധിമുട്ടാണെന്ന് പരിഗണിക്കുമോ;

(ഇ) നിശ്ചിതവർഷം താല്ക്കാലിക സർവീസുള്ള താല്ക്കാലിക സ്റ്റാഫ് നഴ്സുമാരെ മാനുഷിക പരിഗണനയുടെ പേരിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) താല്കാലിക സർവ്വീസിൽ പ്രവേശിക്കുന്ന മുറയ്ക്കുതന്നെ കാലാകാലങ്ങളിൽ വരുന്ന ടെസ്റ്റിൽ മത്സരിക്കാവുന്നതാണ്.

(ഇ) നിലവിലുള്ള നിയമപ്രകാരം ഇതിനു വ്യവസ്ഥയില്ല.

നഴ്സിംഗ് സ്കൂളുകളുടെ പ്രവർത്തനം

153 (895)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര നഴ്സിംഗ് സ്കൂളുകൾ നിലവിലുണ്ട്;

(ബി) സംസ്ഥാനത്ത് ഓരോ ജില്ലയിലും ഏതെല്ലാം നഴ്സിംഗ് സ്കൂളുകളിൽ അദ്ധ്യാപകരുടെയും അദ്ധ്യാപകതേതര ജീവനക്കാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) മലപ്പുറം ജില്ലയിലെ നഴ്സിംഗ് സ്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും ഇല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്നാൽ ഈ തസ്തികകൾ എന്നത്തേക്ക് നികത്താനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം – 1
കൊല്ലം – 2
ആലപ്പുഴ – 1
കോട്ടയം – 1
എറണാകുളം – 1
തൃശൂർ – 1
പാലക്കാട് – 1
കോഴിക്കോട് – 1
മലപ്പുറം – 1
കണ്ണൂർ – 1

(ബി) എറണാകുളം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിലെ നഴ്സിംഗ് സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്. തിരുവനന്തപുരം നഴ്സിംഗ് സ്കൂളിൽ ഒരു ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1, കൊല്ലം ജനറൽ നഴ്സിംഗ് സ്കൂളിൽ ഒരു ഹൗസ് കീപ്പർ, എറണാകുളം നഴ്സിംഗ് സ്കൂളിൽ ഒരു ക്ളർക്ക്-ടൈപ്പിസ്റ്റ്, കോട്ടയം നേഴ്സിംഗ് സ്കൂളിൽ ഒരു കുക്ക്, തൃശൂർ നഴ്സിംഗ് സ്കൂളിൽ ഒരു ഡ്രൈവർ, പാലക്കാട് നഴ്സിംഗ് സ്കൂളിൽ ഒരു ഹൗസ്കീപ്പർ, കോഴിക്കോട് നഴ്സിംഗ് സ്കൂളിൽ ഒരു ക്ളർക്ക്-ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly